ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം –33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡി.ബി4-411/19/സി.ഇ/തസ്വഭവ** **തീയതി.-23-05-2019**

# സർക്കുലർ

വിഷയം : തസ്വഭവ – എഞ്ചിനീയറിംഗ് വിഭാഗം – കാലവർഷക്കെടുതിയിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ള ആസ്തികൾ പുനർ നിർമ്മിക്കുന്നതിനായി ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് DPR സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. ദുരന്ത നിവാരണ (എ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 31.01.2019ലെ ഡി.എം.എ 4/466/2018 – DMD നമ്പർ കത്ത്
2. സർക്കാരിന്റെ 08.05.2019 ലെ 133/ഡിബി 2/2019/തസ്വഭവ നമ്പർ സർക്കാർ കത്ത്
3. G.O (Ms) No. 194/2015/DMD dtd 20.05.2015 സർക്കാർ ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികളായ റോഡുകൾ, സ്കൂൾ, അംഗനവാടി, പ്രാഥമിക ആരോഗ്യ കേന്ദ്രം, പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ എന്നിവയ്ക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിനായി ദുരന്ത നിവാരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മാനദണ്ഡങ്ങൾ പ്രകാരം വിവിധ തസ്വഭവ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ കണക്കുകളുടെയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും 143.28 കോടി രൂപയുടെ പ്രൊപോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

ഇതു പ്രകാരം ആദ്യ ഗഡുവായി സ്കൂൾ, അംഗനവാടി, പ്രാഥമിക ആരോഗ്യ കേന്ദ്രം, പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ എന്നിവയ്ക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിനായി സമർപ്പിച്ച പ്രൊപോസലിന്റെ അനുസൃതമായി 45.7 കോടി രൂപ സൂചന (1) കത്ത് പ്രകാരം അനുവദിക്കാൻ ഉത്തരവായതായി അറിയിക്കുകയും, ടി- കേടുപാടുകൾ പരിഹരിക്കുന്നതിനായി അനുവദിക്കപ്പെടുന്ന തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി സൂചന (2) പ്രകാരം DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപോസൽ പ്രകാരം സ്കൂൾ, അംഗനവാടി, പ്രാഥമിക ആരോഗ്യ കേന്ദ്രം, പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ എന്നിവയ്ക്ക് വേണ്ടിയുള്ള 45.7 കോടി രൂപയുടെ DPR തയ്യാറാക്കുന്നതിനായി വിവിധ തസ്വഭവ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ വിശദാംശങ്ങളുടെ പട്ടിക Annexure-1 ആയി

ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.ദുരന്ത നിവാരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ SDRF/NDRF മാനദണ്ഡങ്ങൾ [സ്കൂൾ(Damaged Primary School Building only)-upto Rs.1.50 lakhs/യൂണിറ്റ്, അംഗനവാടി - upto Rs.2.00 lakhs/യൂണിറ്റ്, പ്രാഥമിക ആരോഗ്യ കേന്ദ്രം - upto Rs.1.50 lakhs/യൂണിറ്റ്, പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ - upto Rs.2.00 lakhs/യൂണിറ്റ്) പ്രകാരം ടി-പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകളുടെ ഡി.പി.ആർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരവും മുനിസിപ്പാലിറ്റികളുടെത് ഉത്തര/ദക്ഷിണ മേഖല സൂപ്രണ്ടിങ് എഞ്ചിനീയർമാർ മുഖാന്തിരവും കോർപറേഷനുകളിലെത് അതാത് സൂപ്രണ്ടിങ് എഞ്ചിനീയർമാർ മുഖാന്തിരവും ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് അടിയന്തിരമായി ടി-പ്രവൃത്തികളുടെ പേരും തുകയും സംബന്ധിച്ച വിവരങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് Google Form F-1053 - ൽ പൂരിപ്പിച്ചു ലഭ്യമാക്കേണ്ടതാണ്. ടി Form ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് (www.celsgd.kerala.gov.in)-ലെ "Proforma" page-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി വിവരങ്ങൾ അതാത് തസ്വഭവ സ്ഥാപനങ്ങളിലെ എൻജിനീയറിങ് വിഭാഗം മേധാവികൾ (ഗ്രാമ പഞ്ചായത്തുകളുടേത് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം) 28/05/2019, 3 മണിക്ക് മുൻപായി പൂരിപ്പിക്കേണ്ടതാണ്. വിശദമായ ഡി.പി.ആർ 04.06.2019-നു മുൻപായി ഈ കാര്യാലയത്തിൽ ഉചിത മാർഗേന സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ